പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3351 | 19.06.2019-ൽ മറുപടിക്ക്

## പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ : | | **ഡോ. കെ. ടി. ജലീൽ**<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഏതെങ്കിലും റിപ്പോർട്ട് വകുപ്പിൽ ഉണ്ടോ; | (എ), (ബി) & (സി) | പയ്യോളി ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക്കായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പുതിയ പ്രൊപ്പോസലുകളൊന്നും തന്നെ പരിഗണനയിലില്ല. എന്നാൽ 2010 ൽ പയ്യോളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 7.12.2010 ലെ എ 3/1279/10 നമ്പർ അപേക്ഷ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 7096/എൽ 2/2011/ ഉവിവ നമ്പർ ഫയലിൽ പരിശോധിച്ച് 25.2.2011 ലെ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിൻ പ്രകാരം ലഭിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും 20.10.2012 ലെ ഡി.ഒ. നം. 7096/എൽ 2/11/ഉവിവ പ്രകാരം പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയും ചെയ്തു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ആരുടെ പക്കലാണെന്നും റിപ്പോർട്ടിൻമേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ; | | |
| (സി) | ഈ വിഷയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഫയൽ വകുപ്പിൽ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ നമ്പർ ഏതെന്നും ആരുടെ കൈവശമാണെന്നും വ്യക്തമാക്കാമോ? | | |

Manoj M

സെക്ഷൻ ഓഫീസർ.